# ന്യായവിധി ദിവസം
## THE JUDGEMENT DAY

ന്യായവിധി ദിവസത്തെപ്പറ്റിയുള്ള ചിന്ത അനേകരെ സംബന്ധിച്ചും ഭീതിജനകമാണ്. ന്യായവിധി ദിവസത്തെപ്പറ്റിയുള്ള അബദ്ധധാരണകളാണ് ഇതിനു കാരണം. അത് 24 മണിക്കൂറുകളുള്ള ഒരു ദിവസമാണ്. അന്ന് അക്ഷരാർത്ഥത്തിലുള്ള ഭൂകമ്പം, ശവക്കല്ലറകളുടെ തുറക്കൽ മുതലായ പ്രകൃതിക്ഷോഭങ്ങൾക്കിടയ്ക്ക് മൃതരായ ജനകോടികളെ സ്വർഗ്ഗീയസൗഭാഗ്യത്തിൽ നിന്നും, നരകയാതനയിൽ നിന്നും യേശു തിരികെ വിളിച്ചുവരുത്തി, മരണവേളയിൽ അവർക്കുണ്ടായിരുന്ന അതേ ശരീരങ്ങളിൽ വീണ്ടും പ്രവേശിപ്പിച്ച്, വിചാരണ നടത്തി, ചിലരെ നിത്യസൗഭാഗ്യത്തിനായി സ്വർഗ്ഗത്തിലേക്കും എന്നാൽ ബഹുഭൂരിപക്ഷത്തെയും അഗ്നിയുടെ ദാഹകശക്തിക്കതീതരായ പിശാചുക്കളാൽ നിത്യമായി പീഡിപ്പിക്കപ്പെടുന്നതിനായി യാതനാസ്ഥലത്തേക്കും തിരിച്ചയയ്ക്കുന്നു എന്നും ഉള്ള തെറ്റായ ഉപദേശം മൂലം ന്യായവിധി ദിവസത്തെ അന്ത്യവിധി ദിവസം എന്നും വ്യവഹരിച്ചു പോരുന്നു.

അന്ധകാരയുഗങ്ങളുടെ സന്തതിയായ ഈ ധാരണ ന്യായവിധി ദിവസത്തെ നിഷ്പ്രയോജനമോ കേവലം പ്രഹസനമോ ആക്കുന്നു.

ആദാമിന്റെ അനുസരണക്കേടു നിമിത്തം ദൈവം അവനെ (അവന്റെ കടിപ്രദേശത്ത് അടങ്ങിയിരുന്ന വർഗ്ഗത്തേയും) മരണശിക്ഷയ്ക്ക് വിധിച്ചു. എന്നാൽ ദൈവം തന്റെ മഹാസ്നേഹത്തിൽ തന്റെ പുത്രനെ 'ജഡമായിത്തീരുവാൻ' നിയോഗിച്ചു. 'ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനായ യേശു മരണം അനുഭവിപ്പാൻ' ഇടയാക്കി (ഉല്പ. 2:17; 3:17–19; റോമ. 5:6–19; മത്താ. 20:28; യോഹ. 1:14; 3:14–18; എബ്രാ. 2:9).

'സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷത്തിന്റെ' ഈ 'സദ്വർത്തമാനം' 'തക്കസമയത്ത് അറിയിക്കേണ്ടതും' 'എല്ലാവർക്കും വേണ്ടിയുള്ള മറുവില'യായ യേശുവിനെ കേന്ദ്രീകരിച്ച് നിൽക്കുന്നതുമാണ്. നിത്യജീവൻ പ്രാപിക്കുന്നതിന് സമ്പൂർണ്ണവും നീതിപൂർവ്വവുമായ ഒരവസരം (ഈ ജീവിതത്തിലോ അഥവാ മരണത്തിൽ നിന്ന് ഉണർത്തപ്പെട്ട ശേഷമോ - യോഹ. 5:28,29) 'സകല മനുഷ്യർക്കും' നൽകുമെന്ന് ഈ സദ്വർത്തമാനം ഉറപ്പുവരുത്തുന്നു (എന്നാൽ ആദാമ്യവർഗ്ഗത്തിൽപ്പെട്ട ആർക്കും രണ്ടാമതൊരവസരം നല്കപ്പെടുന്നതല്ല). ദൈവം സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു' (ലൂക്കൊ. 2:10; 1 തിമൊ. 2:3–6; 4:10). (ആദാമ്യശിക്ഷാവിധിയിൽ നിന്നുള്ള രക്ഷയാണ് വിവക്ഷിതം. എന്നാൽ സാർവ്വത്രിക നിത്യരക്ഷാവാദം ഇതിൽ അന്തർഭവിച്ചിട്ടില്ല).

ദിവസം എന്ന പദം മിക്കപ്പോഴും 24 മണിക്കൂറിൽ കവിഞ്ഞ ഒരു കാല ദൈർഘ്യം കുറിക്കുന്നതിന് ഉപയോഗിച്ചു വരുന്നു. സാധാരണ വ്യവഹാരത്തിലും (ഉദാ. ലൂഥറിന്റെ ദിവസം - നാൾ) വേദപരമായ പ്രയോഗത്തിലും (ഉല്പ. 2:4; എബ്രാ. 3:8,9; സങ്കീ. 95:7-10; 2 കൊരി. 6:2) ഇത് അപ്രകാരമാകുന്നു.

സുവിശേഷയുഗം സഭയുടെ ന്യായവിധി ദിവസമാണ് (2 തെസ്സ. 1:4,5; 1 പത്രൊ. 4:17). എന്നാൽ ദൈവം 'ലോകത്തെ നീതിയിൽ ന്യായം വിധിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന' മറ്റൊരു ന്യായവിധി ദിവസവും ഉണ്ട്. 'ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസം.' എന്നാൽ കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്ന കാര്യങ്ങൾ മറക്കരുത് (അപ്പൊ. 17:31; 2 പത്രൊ. 3:7,8; സങ്കീ. 90:4).

"ഈ ലോകത്തിന്റെ ദൈവമായ സാത്താൻ" നൂറ്റാണ്ടുകളായി ബഹുഭൂരിപക്ഷം ആളുകളുടേയും മനസ്സുകളെ കുരുടാക്കിയിരിക്കയാണ് (2 കൊരി. 4:4). അതുകൊണ്ട് അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളേയും മൂടുന്നു. എന്നാൽ ലോകത്തിന്റെ മഹാ ന്യായവിധി ദിവസത്തിൽ ആയിരമാണ്ടു കഴിയുവോളം ജാതികളെ വഞ്ചിക്കാതിരിപ്പാൻ സാത്താൻ ബന്ധിക്കപ്പെടുന്നതാണ് (യെശ. 60:2; വെളി. 20:2,3,7).

ക്രിസ്തുവിന്റെ ആയിരമാണ്ടു വാഴ്ചയിൽ അവൻ ലോകത്തെ ന്യായം വിധിക്കുന്ന ആ ദിവസത്തിൽ സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതുപോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ടു പൂർണ്ണമാകും. അന്നാളിൽ, ഇതാ നമ്മുടെ ദൈവം, അവനെയത്രെ നാം കാത്തിരുന്നത്; അവൻ നമ്മെ രക്ഷിക്കും; അവൻ തന്നെ യഹോവ; അവനെയത്രേ നാം കാത്തിരുന്നത്; അവന്റ രക്ഷയിൽ നമുക്ക് ആനന്ദിച്ച് സന്തോഷിക്കാം എന്ന് പറയപ്പെടും (യെശ. 11:9-10; 25:6-9; 40:5; 52:10; യിരെ. 31:34; ഹബ. 2:14).

ന്യായവിധി എന്ന് തിരുവെഴുത്തുകളിൽ ഉപയോഗിച്ചിരിക്കുന്ന പദംകൊണ്ട് കേവലം വിധി പ്രസ്താവിക്കുക എന്നതല്ല വിവക്ഷിക്കുന്നത്. അതിലുപരി താഴെപ്പറയുന്ന കാര്യങ്ങൾകൂടി അതിൽ അന്തർഭവിച്ചിരിക്കുന്നു-

1. ഉപദേശം (സങ്കീ. 19:7-11; 25:8,9; 106:3; 119:108; യെശ. 33:5; 56:1; 59:4,8-15; യെഹെ. 22:2; മത്താ. 12:18-20; 23:23; കൊലൊ. 2:16).
2. പരിശോധന (സങ്കീ. 26:1-3; 139:23,24; യിരെ. 11:20; 20:12; 2 തെസ്സ. 1:4, 5).
3. ഗുണീകരണത്തിനുവേണ്ടിയുള്ള ശിക്ഷിക്കൽ (യെശ. 26:9; 1 കൊരി. 11:31,32; ലൂക്കൊ. 12:47,48; എബ്രാ. 12:5-11; വെളി. 3:19).
4. വിധി പ്രസ്താവിക്കൽ (മത്താ. 7:1, 2; യോഹ. 7:24; ആവ. 1:16; സങ്കീ. 17:2).

ഈ നാലു നടപടിക്രമങ്ങളിലൂടെ തന്റെ പ്രത്യക്ഷതയുടേയും രാജ്യത്തിന്റെയും കാലയളവിൽ യേശു ജീവികൾക്കും (ജീവിച്ചിരിക്കുന്നവർ) മരിച്ചവർക്കും ന്യായവിസ്താരം നടത്തും. അവൻ സകല ശത്രുക്കളേയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു (അവന്റെ ആയിരമാണ്ടു വാഴ്ചയിൽ). ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും (2 തിമൊ. 4:1; 1 കൊരി. 15:24-26; സങ്കീ. 72:1-4; യെശ. 11:1-6; 32:1; യിരെ. 23:5, 6; ഹോശ.

13:14; വെളി. 20:11–15).

ക്രിസ്തുവിന്റെ കാന്തയും കൂട്ടവകാശിയും ആയ സത്യസഭ ഈ ആയിരമാണ്ടു ന്യായവിധി ദിവസത്തിൽ ക്രിസ്തുവിനോടൊത്ത് ഭൂമിയുടെമേൽ ആധിപത്യം പുലർത്തുകയും ജീവജലം സൗജന്യമായി നൽകി ലോകത്തെ ന്യായം വിധിക്കുന്നതിൽ ക്രിസ്തുവിനെ സഹായിക്കുകയും ചെയ്യുന്നതാണ് (1 കൊരി. 6:2; ഓബ. 21; മത്താ. 19:28; ലൂക്കൊ. 22:29,30; റോമ. 8:16–21; 2 തിമൊ. 2:11,12; വെളി. 3:21; 5:9,10; 20:4,6; 22:17).

ദൈവത്തിന്റെ ആണയോടുകൂടിയ വാഗ്ദത്തപ്രകാരം അബ്രഹാമ്യസന്തതി, അതായത് ക്രിസ്തുവും സഭയും ഭൂമിയിലെ സകലവംശങ്ങളേയും അനുഗ്രഹിക്കും. ഇത് അവരുടെ സഹസ്രാബ്ദ വാഴ്ചയുടെ കാലത്തായിരിക്കും (ഉല്പ. 12:3; 22:16–18; ഗലാ. 3:7–9,16,29; എബ്രാ. 6:13–20; അപ്പൊ. 3:19–25).

ഇപ്രകാരം അനുഗ്രഹിക്കപ്പെടുന്നവരിൽ ജീവിച്ചിരിക്കുന്നവരേപ്പോലെ മരിച്ചവരും ഉൾപ്പെടും. മരിച്ചവർ മരണനിദ്രയിൽ നിന്ന് ഉണർത്തപ്പെടുകയും (സങ്കീ. 6:5; 146:4; ദാനി. 12:2; യോഹ. 5:28, 29; 11: 11–14; 1 തെസ്സ. 4:14; 2 പത്രോ. 3:4) തുടർന്ന് അവർക്ക് സത്യത്തിന്റെ സൂക്ഷ്മജ്ഞാനവും, നിത്യജീവൻ പ്രാപിക്കുന്നതിന് പൂർണ്ണമായ ഒരവസരവും നൽകപ്പെടുകയും ചെയ്യും.

അന്തിമമായി ദൈവം അവരുടെ കണ്ണിൽ നിന്നും കണ്ണുനീർ എല്ലാം തുടച്ചുകളയും, ഇനി മരണം ഉണ്ടാകയില്ല. ഒന്നാമത്തേതു (പാപത്തിന്റെ ഫലമായ ശാപവും മരണവും ഉൾപ്പെടെ സാത്താന്യവാഴ്ചയുടെ സകല ദുഷ്ടഫലങ്ങളും) കഴിഞ്ഞുപോയി (വെളി. 21:1–4; 22:1–3; യെശ. 35:10; 65:17–25).

മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകലജാതികളേയും അവന്റെ മുമ്പിൽ കൂട്ടും. തുടർന്ന് ആ മഹാന്യായവിധി ദിവസത്തിലെ പരിശോധനയിൻകീഴിൽ അവൻ അവരെ ഇടയൻ ചെമ്മരിയാടുകളേയും കോലാടുകളേയും തമ്മിൽ വേർതിരിക്കുന്നതുപോലെ വേർതിരിക്കും. ചെമ്മരിയാടുകളായി വർണ്ണിച്ചിരിക്കുന്ന സൽസ്വഭാവികൾക്ക് നിത്യജീവനും ഭൂമിയിൽ രാജ്യാവകാശവും പ്രതിഫലമായി നല്കും (സൗമ്യതയുള്ളവർ ഭൂമിയെ കൈവശമാക്കും – മത്താ. 5:5). കോലാടുകളായി വർണ്ണിക്കപ്പെട്ടവരും, രാജ്യത്തിന്റെ അവകാശത്തിനുള്ള യോഗ്യത തെളിയിക്കാത്തവരും നിത്യശിക്ഷയിലേക്ക് പോകും (നിത്യശിക്ഷ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്ന കൊലാസിൻ എന്ന ഗ്രീക്കുപദത്തിന് ഛേദനം എന്നാണർത്ഥം). ഈ നിത്യശിക്ഷ രണ്ടാം മരണമാണ്. അതിൽ നിന്നും ഒരിക്കലും മോചനമില്ല. സകല ദുഷ്ടന്മാരെയും അവൻ നശിപ്പിക്കും. അവർ ജനിക്കാത്തവരേപ്പോലെ ആകും (മത്താ. 25:31–46; സങ്കീ. 145:20; ഓബ. 16; മത്താ. 10:28; 2 പത്രൊ. 2:1,12; യൂദാ. 12).

ദുഷ്ടന്മാരുടെ നാശത്തെ തീപ്പൊയ്കയിൽ തള്ളിയിടുക എന്ന സാദൃശ്യം ഉപയോഗിച്ച് വർണ്ണിച്ചിരിക്കുന്നു. ഈ തീപ്പൊയ്ക രണ്ടാം മരണമാണ്. പിശാചിനും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാ

ഗ്നിയിലേക്ക് തള്ളിക്കളയുക എന്ന സാദൃശ്യവും ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (അഗ്നി പരിരക്ഷണത്തിന്റെയല്ല, ഉന്മൂലനാശത്തിന്റെ ഉചിതമായ പ്രതീകം ആണ്). പിശാച് നശിപ്പിക്കപ്പെടും - ഉന്മൂലനം ചെയ്യപ്പെടും (എബ്രാ. 2:14; യെഹെ. 28:19). അവന്റെ ദൂതന്മാരും ഉന്മൂലനം ചെയ്യപ്പെടും (വെളി. 20:14,15; 21:8).

പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ. പാപം ചെയ്യുന്ന ദേഹി മരിക്കും. ആ പ്രവാചകന്റെ (ക്രിസ്തുവിന്റെ) വാക്കു കേൾക്കാത്ത (അനുസരിക്കാത്ത) ഏവനും അന്തിമമായി ജനത്തിന്റെ ഇടയിൽ നിന്നും ഛേദിക്കപ്പെടും (റോമ. 6:21,23; യോഹ. 3:36; 1 യോഹ. 5:12; സങ്കീ. 37:38; യെഹെ. 18:4,20; അപ്പൊ. 3:19-23).

ലോകത്തിന്റെ ന്യായവിധി ദിവസം അന്ത്യവിനാശത്തിന്റെ ദിവസമല്ലെന്നും, അത് രക്ഷാദിവസമാണെന്നും, അപ്പോൾ ദൈവത്തിന്റെ രാജ്യം ഈ ഭൂമിയിൽ ആധിപത്യം പുലർത്തുമെന്നും ബൈബിൾ വ്യക്തമാക്കുന്നു. ആകയാൽ അത് സമീപിക്കുന്നത് നാം കാണുന്തോറും നമുക്ക് അത്യന്തം സന്തോഷിക്കാം. ആകാശം സന്തോഷിക്കയും ഭൂമി ആനന്ദിക്കയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ അവൻ (ദൈവം) ഭൂമിയെ വിധിപ്പാൻ വരുന്നു; അവൻ ഭൂലോകത്തെ നീതിയോടും ജാതികളെ വിശ്വസ്തതയോടും കൂടെ വിധിക്കും. ഭൂമിയുടെ അറുതികളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെ കാണും. ഭൂമിയുടെ അറുതികൾ ഒക്കെയും അവനെ ഭയപ്പെടും (ആദരിക്കും) (സങ്കീ. 96; 98; 67; യെശ. 26:9; സംഖ്യ. 14:21).

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |